പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4127 21.07. 2015- ലെ മറുപടി

## പ്രവാസി മലയാളികൾക്കായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) പ്രവാസി മലയാളികൾക്കായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ; | എ). പ്രവാസി മലയാളികൾക്കായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

1. **നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)**

വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

2. **നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)**

സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്. നിക്ഷേപതൽപരരായ പ്രവാസികൾക്ക് ഈ സെന്റർ വിവിധ അനുമതികൾ നേടുന്നതിൽ ഒരു 'ഏക ജാലക സംവിധാന'മായി പ്രവർത്തിക്കും. സംസ്ഥാനത്തെ നിക്ഷേപ സംരംഭ സാധ്യതകളെക്കുറിച്ച് താത്പര്യമുള്ള നിക്ഷേപകർക്ക് സമഗ്രമായ വിവരങ്ങൾ ഈ കേന്ദ്രം ലഭ്യമാക്കും.

3. <u>**പ്രവാസി നിയമ സഹായ സെൽ (PLAC)**</u>

തങ്ങളുടെതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമസഹായം നൽകുന്നതിനുള്ള സമഗ്ര പദ്ധതി. കേരളത്തിലെ എല്ലാ ജില്ലകളിലും ഇന്ത്യയിലെ മലയാളികൾ അധിവസിക്കുന്ന പ്രദേശങ്ങളിലും പ്രത്യേകിച്ചും ഡൽഹി, മുംബൈ, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, ബറോഡ എന്നീ സ്ഥലങ്ങളിൽ നിയമ ബോധവത്ക്കരണ ക്ലാസ്സുകളും ഈ പദ്ധതിയിലൂടെ സംഘടിപ്പിച്ചുവരുന്നു.

4. <u>**സ്വപ്ന സാഫല്യം**</u>

തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിനുള്ള പദ്ധതി.

5. **സാന്ത്വന**

2003 ൽ ആരംഭിച്ച ദുരിതാശ്വാസനിധിയായ സാന്ത്വന പദ്ധതിയിൻകീഴിൽ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാനപരിധിയും ധനസഹായവും 01/06/2013 മുതൽ വർദ്ധിപ്പിക്കുകയുണ്ടായി.

6. **എൻ.ആർ.കെ ഇൻഷുറൻസ് കാർഡ്**

മറുനാടൻ മലയാളികൾക്കുള്ള (അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ) തിരിച്ചറിയൽ കാർഡ് എന്ന നിലയിൽ 2012 ജൂണിലാണ് ഈ പദ്ധതി ആരംഭിച്ചത്. നോർക്ക സഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാം. അപകടമരണം, സ്ഥിരം/പൂർണ വൈകല്യം എന്നിവയ്ക്ക് 2 ലക്ഷം (പരമാവധി) രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ വരെ നൽകിവരുന്നു.

7. **കാൾസെന്റർ**

നോർക്ക വകുപ്പിനെയും നോർക്ക-റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ നൽകുന്ന കാൾ സെന്ററിന്റെ സേവനം ദിവസത്തിൽ 24 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| ബി)പ്രവാസി മലയാളികളുടെ കൂട്ടായ്മയിൽ സംസ്ഥാന വികസനത്തിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | ബി) 2015 ജനവരി 16, 17 തീയതികളിലായി കൊച്ചിയിൽ നടന്ന ആഗോള മലയാളി പ്രവാസി സംഗമത്തിൽ ഉരുത്തിരിഞ്ഞ പ്രവാസി നിക്ഷേപം സംസ്ഥാന വികസനത്തിനു ഉപയുക്തമാക്കുന്നതിനു ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ